**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 100** **27-06-2022 - ൽ മറുപടിയ്ക്ക്**

**സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നീണ്ടകര, പാറശ്ശാല താലൂക്ക് ആശുപത്രികളിൽ സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയവർക്കെതിരെ ക്രിമിനൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി സി. ഡിറ്റ്-ൽ നിന്നും തിരുവല്ലം പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത പരാതിയിൻമേലുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ; | (എ) | ഉണ്ട്. പരാതിയിൽ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. |
| (ബി) | താലൂക്ക് ആശുപത്രികൾ കൂടാതെ മ്യൂസിയം, കാപെക്സ് തുടങ്ങിയ സ്ഥാപനങ്ങളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പരാതിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; ഇതും പോലീസ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തിരുവല്ലം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഇതുവരെ ആരുടെയൊക്കെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | പരാതിയുടെ അടിസ്ഥാനത്തിൽ C-dit രജിസ്ട്രാർക്ക് നടപടിക്രമത്തിലെ ക്രമക്കേട് ചൂണ്ടിക്കാട്ടി പരാതി നൽകിയ C-dit-ലെ ഇ-ഗവേണൻസ് Implement Division/Engineering Service Division വകുപ്പുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ ആയ എം.ആർ. മോഹനചന്ദ്രൻ, എതിർകക്ഷികളായ E- Governance Engineering Service Division (EGSD) -ൽ സെർവർ അഡ്മിനിസ്ട്രേറ്ററായി താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന രഞ്ജിത് കുമാർ എന്നിവരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ